**<u>മുഖ്യനഗരാസൂത്രകന്റെ നടപടിക്രമം</u>**

**<u>തിരുവനന്തപുരം</u>**

വിഷയം:- നഗരഗ്രാമാസൂത്രണ വകുപ്പ്- മുഖ്യ നഗരാസൂത്രകന്റെ കാര്യാലയം - തിരുവനന്തപുരം - സാങ്കേതികവിഭാഗം - വയനാട് ജില്ല നെന്മേനി ഗ്രാമപഞ്ചായത്ത് ചീരാൽ വില്ലേജ് പെട്രോൾപമ്പിന്റെയും അനുബന്ധ കെട്ടിടങ്ങളുടെയും നിർമ്മാണം ലേ-ഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:- 1. നെന്മേനി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 23/01/2019 ലെ എ 3- 10119/2018 നമ്പർ കത്ത്.

2. വയനാട് ടൗൺ പ്ലാനറുടെ 07/02/2019 ലെ സി/109/2019 കെ.ഡിസ്. നമ്പർ കത്ത്.

---

കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം

ഉത്തരവ്. നം. **TCPCTP/365/2019 -D** തീയതി:**22/03/2019**

---

വയനാട് ജില്ലയിലെ നെന്മേനി ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള ചീരാൽ വില്ലേജിൽ റീ സർവ്വേ നമ്പർ 1060/1A 1A 1A 1A 1A 1A 1 എന്നിവയിൽപ്പെട്ട 0.1012 ഹെക്ടർ സ്ഥലത്ത് പ്രത്യേകം അതിരിട്ട് കെട്ടിത്തിരിച്ച 0.0850 ഹെക്ടർ സ്ഥലത്ത് പെട്രോൾപമ്പും അനുബന്ധ കെട്ടിടങ്ങളും നിർമ്മിക്കുന്നതിനുള്ള അംഗീകാരം ലഭ്യമാക്കുവാനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ ശ്രീ. ബാബു. എ. റ്റി- യുടെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ .പി.ബി.ആർ 2011-നും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി കെട്ടിടങ്ങളുടെ ലേ -ഔട്ടിനും, സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

<u>നിബന്ധനകൾ</u>

1. താഴെ പറയുന്ന നിബന്ധനകൾ പൂർണ്ണമായും പാലിച്ചിട്ടുണ്ടെന്നും നിയമാനുസൃത ഏജൻസികളുടെ അനുമതി/എൻ.ഒ.സി എന്നിവ ലഭ്യമാക്കിയിട്ടുണ്ടെന്നും ഉറപ്പു വരുത്തിയശേഷം മാത്രമേ സെക്രട്ടറി കെട്ടിട നിർമ്മാണാനുമതി/ഒക്യുപെൻസി നൽകുവാൻ പാടുള്ളൂ.
2. കെ.പി.ബി.ആർ. 2011 ലെ ചട്ടം 11 പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത, സർവ്വെ നമ്പർ, വിസ്തൃതി, അതിരുകൾ, അളവുകൾ അപേക്ഷകന്റെ നിർമ്മാണാവകാശം എന്നിവയും, നിർദ്ദിഷ്ട നിർമ്മാണ സ്ഥലം പുറമ്പോക്ക് ഭൂമിയിൽ ഉൾപ്പെടുന്നതല്ലായെന്നും രേഖകൾ പരിശോധിച്ച് സെക്രട്ടറി ബോധ്യപ്പെട്ടിരിക്കണം.
3. നിർമ്മാണം കെ.പി.ബി.ആർ. 2011 -നും, അനുബന്ധ ഭേദഗതികൾക്കും, ബാധകമായ മറ്റ് നിയമങ്ങൾക്കും അനുസൃതമായിരിക്കണം
4. ഖര-ദ്രവ മാലിന്യ സംസ്കരണത്തിനുള്ള സംവിധാനം ഏർപ്പെടുത്തിയിരിക്കണം.
5. കട്ടിംഗ്/ഫില്ലിംഗ് ആവശ്യമെങ്കിൽ ബന്ധപ്പെട്ട വകുപ്പിന്റെ എൻ.ഒ.സി വാങ്ങിയിരിക്കണം.
6. നിർദ്ദിഷ്ട നിർമ്മാണ സ്ഥലത്ത് ഉദ്ദേശിക്കുന്ന വികസന/നിർമ്മാണ പ്രവർത്തനങ്ങൾ 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം., അനുബന്ധ സർക്കാർ സർക്കുലറുകൾ, 1967-ലെ കേരള ഭൂവിനിയോഗ

ഉത്തരവ് എന്നിവ ബാധകമാകുന്ന പക്ഷം അവയ്ക്ക് അനുസൃതമായിരിക്കണം.

7. ജില്ലയിലെ പെട്രോൾ പമ്പ് നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ദേശീയ ഹരിത ട്രിബ്യൂണലിന്റെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.
8. ഭൂഗർഭ പെട്രോൾ ഡീസൽ സംഭരണികളുടെ നിർമ്മാണം കേരള പെട്രോളിയം റൂൾസ് 1976-ലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കണം.
9. നിർമ്മാണത്തിന് സംസ്ഥാന ഫയർഫോഴ്സ്, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, എക്സ്പ്ലോസീവ് വകുപ്പ്, ജില്ലാ കലക്ടർ എന്നിവരിൽ നിന്നുള്ള നിരാക്ഷേപപത്രങ്ങൾ ലഭ്യമാക്കേണ്ടതും ആയതിലെ നിബന്ധനകൾ കർശനമായി പാലിക്കേണ്ടതുമാണ്.
10. ഖര-ദ്രവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് ഉചിതമായ സജ്ജീകരണങ്ങൾ ഏർപ്പെടുത്തേണ്ടതും മലിനജലം ശുദ്ധീകരിച്ച് പുനരുപയോഗിക്കുന്നതിന് സജ്ജീകരണങ്ങൾ നിർമ്മാണസ്ഥലത്ത് ഒരുക്കേണ്ടതുമാണ്.
11. പ്ലോട്ടിനു തെക്കുവശത്തുള്ള പ്രൈവറ്റ് റോഡിലെ വാഹനഗതാഗതവുമായി Conflict ഉണ്ടാകാത്ത വിധത്തിൽ ആ വശത്തെ compound wall- നിർമ്മാണം ക്രമീകരിക്കേണ്ടതാണ്.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളു.

<u>അംഗീകരിച്ച സൈറ്റ് പ്ലാൻ നമ്പർ 22/2019 ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു</u>

ഉത്തരവിൻ പ്രകാരം

ഉള്ളടക്കം- ഒരു സെറ്റ് പ്ലാൻ

ജയശ്രീ. പി. ആർ.
ടൗൺ പ്ലാനർ

സെക്രട്ടറി,
നെന്മേനി ഗ്രാമപഞ്ചായത്ത്
പകർപ്പ്:-

1. ശ്രീ. ബാബു.എ.റ്റി. അയണിക്കുടി, വീട്ട് നമ്പർ. 5/93/, കയ്യുന്നി. പി.ഒ., കാരക്കോളി, പാന്തല്ലൂർ, നീലഗിരി. വയനാട്.
2. ടൗൺ പ്ലാനർ, വയനാട്.
3. വെബ് സൈറ്റ്
4. കരുതൽ ഫയൽ
5. അധികം